E 5223 (Pages : 4) Reg. No.....

Name.....

B.A./B.Sc. DEGREE (C.B.C.S.S.) EXAMINATION, APRIL 2013

Fourth Semester

Additional Language—Malayalam

ഗദ്യം, രചനാപരിചയം

(For Model I B.A./B.Sc. Programmes)

Time : Three Hours Maximum Weight : 25

Part A

ഒരു വാക്കിലോ, വാക്യത്തിലോ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

I. 1 'സർഗ' ശബ്ദത്തിന്റെ അർത്ഥമെന്ത് ?

2 സ്വരസഹായത്താൽ മാത്രം ഉച്ചാരണ പൂർണ്ണത ഉണ്ടാകുന്ന വർണം ഏത് ?

3 സംസ്കൃതം കൂടാതെ ദേവനാഗരി ലിപി ഉപയോഗിക്കുന്ന പ്രധാന ഭാഷയേത് ?

4 ബ്ലൂലോകം (Blogosphere) എന്നാൽ എന്ത് ?

II. 5 പിരിച്ചെഴുതുക :

തീപ്പെട്ടി.

6 സന്ധി ചെയ്തെഴുതുക :

അ + അൻ

7 രണ്ടുണ്ടെങ്കിൽ തിരുത്തുക :

ഹാർദ്ദവം , പതിനാല്

പക്ഷേ , യാദൃശ്ചികം.

8 അർത്ഥവ്യത്യാസം കുറിക്കുക :

തരണി — തരുണി.

III. 9 "വള്ളത്തോളിന് സർവ്വപ്രധാനമായി ഒരു കാവ്യഗുണത്തെപ്പറ്റി പറയാനുണ്ട് "—എന്തായിരുന്നു അത് ?

10 ജനതയുടെ മൗലിക സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ പടിയായി കണക്കാക്കപ്പെടുന്നതെന്ത് ?

11 ദുരവസ്ഥയുടെ ഇതിവൃത്ത സന്ദർഭമേത് ?

12 കാർബണിന്റെ **രണ്ടു** രൂപാന്തരങ്ങൾ (Allotropes) ഏവ ?

IV. 13 "ജ്യോതിഷം ശാസ്ത്രമാണ്. ജ്യോതിഷികൾ ശാസ്ത്രജ്ഞന്മാരല്ല" എന്നു പറഞ്ഞതാരാണ് ?

14 "പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം" എന്ന വരികളാരുടേതാണ് ?

Turn over

15 നടനും കാണിയും തമ്മിൽ തിരിച്ചറിയാൻ വിഷമമുള്ള നാടകവേദിയേത് ?

16 ആഗോളതാപനത്തിന്റെ ഭീഷണി ഏറ്റവുമധികം ബാധിക്കുന്ന ജീവിയേത് ?

$(4 \times 1 = 4)$

Part B

അരപ്പേജിൽ അമ്പതു വാക്ക് കവിയാതെ ചോദ്യം **21, 22** ഉൾപ്പെടെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 എഡിറ്റിങ്ങ് ഡെസ്കിനെ ശസ്ത്രക്രിയാമേശയോടുപമിക്കുന്നതെന്തുകൊണ്ട് ?

18 ഒന്നും അറിയാത്ത പൊട്ടിപ്പെണ്ണൊന്നുമല്ല കാളിദാസന്റെ ശകുന്തള എന്ന് സാറാജോസഫ് പറയുന്നത് എന്തടിസ്ഥാനത്തിലാണ് ?

19 "ബഹ്മിൻസ്റ്റർ ഫുള്ളറിൻ എന്ന പുതിയ രൂപം നാനോടെക്നോളജിയുടെ വികാസപരിണാമത്തിൽ ഒരു നാഴികക്കല്ലായിരുന്നു"—വിശദീകരിക്കുക.

20 നാടോടി നാടകവേദി നിർവ്വഹിക്കുന്ന സാമൂഹിക ദൗത്യമെന്ത് ?

21 വാർത്താ ശീർഷകം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തൊക്കെയാണ് ?

22 തെറ്റുകൾ ഒഴിവാക്കി ചിഹ്നങ്ങൾ ചേർത്ത് വാക്യഘടന പരിഷ്കരിക്കുക :

സ്കൂളിലെ ഡ്രാമയ്ക്ക് താനും കൂടെ വരുമെന്ന് അവൾ പറഞ്ഞപ്പോൾ അവൻ പറഞ്ഞു അമ്മ വരണ്ട എനിക്ക് കുറവാണ് അതിനെന്താ ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലോ എന്റെ കല്യാണസാരി അവൾ പറഞ്ഞു എന്നാലും വരണ്ട.

23 സർഗ്ഗാത്മക കൃതികളുടെ വിവർത്തനം വിഷമകരമാകുന്നതെന്തുകൊണ്ട് ?

24 ബ്ലോഗ് എന്നാലെന്ത് ? ഇന്നതിനുള്ള പ്രാധാന്യമെന്ത് ?

$(5 \times 1 = 5)$

Part C

ഒരു പുറത്തിൽ (നൂറു വാക്ക്) കുറയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

25 താഴെ കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് വാർത്ത മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക. തുടർന്ന് മലയാളം വാർത്തയും പരിഭാഷയും താരതമ്യം ചെയ്യുക.

Granting sanction to prosecute 21 social networking websiter, including facebook and Google, the Union Government on Friday said there was sufficient material to proceed against them for offences of promoting enemity between different groups of people, "doing acts prejudicial to the maintenance of harmony" and hosting content that is provocative assertive and propagation prejudicial to national integration.

ഉള്ളടക്ക നിയന്ത്രണവുമായി ബന്ധപ്പെട്ട തർക്കത്തിൽ ഫേസ്ബുക്ക്, ഗൂഗിൾ, മൈക്രോ സോഫ്റ്റ്, യാഹൂ ഇന്ത്യ തുടങ്ങിയ സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകൾക്കെതിരെ നിയമനടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാർ അനുമതി നല്കി. ഇതിനിടെ വെബ്സൈറ്റിൽ ആക്ഷേപാർഹമായ ഉള്ളടക്കം പ്രസിദ്ധപ്പെടുത്തിയതിന്റെ പേരിൽ ഈ കമ്പനികൾക്ക് സമൻസ് അയയ്ക്കാൻ ഡൽഹി കോടതി ഉത്തരവിട്ടു.

വിവിധ വിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്തൽ സംഘർഷം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ള പ്രവൃത്തികൾ തുടങ്ങിയ കുറ്റങ്ങളുടെ പേരിലാണ് കമ്പനി അധികൃതർക്കെതിരെ പ്രോസിക്യൂഷൻ നടപടിക്ക് കേന്ദ്രം അനുമതി നൽകിയത്.

21 കമ്പനികൾക്ക് നിയമനടപടി നേരിടേണ്ടിവരും.

26 വരും വർഷങ്ങളിൽ നാനോടെക്നോളജി സൃഷ്ടിക്കുന്ന സ്വാധീനത്തെക്കുറിച്ച് ശാസ്ത്രജ്ഞർ നല്കുന്ന സൂചനകളെന്ത് ?

27 "ആ തിരിച്ചറിവുണ്ടെങ്കിൽ പെണ്ണെഴുത്ത് എന്ന വാക്ക് വീണ്ടെടുപ്പിന്റെ സൂചകമായി കാണാൻ കഴിയും"—സാറാജോസഫ് വ്യക്തമാക്കുന്നതെന്ത് ?

28 ഗ്രാമചരിത്രരചനയിൽ ഫോക്ലോർ പഠനത്തിന് നല്കാൻ കഴിയുന്ന സംഭാവനകളെന്ത് ?

29 പാഠ വിശകലനം നടത്തുക :

അഞ്ചാംക്ലാസ്സില് ചരിത്രം പഠിപ്പിക്കുന്ന സുകുമാരൻ മാഷ് ഒരു മാസമായി അവധിയിലാണ്. ഒരു ഓപ്പറേഷൻ കഴിഞ്ഞ് തീരെ കിടപ്പിലാണ്. ഇനിയും ഒന്നോ രണ്ടോ മാസം കഴിഞ്ഞേ വരൂ എന്നു കേട്ടു. അച്ഛൻ ക്ലാസിലെ കുട്ടികൾക്ക് കഥ പറഞ്ഞുകൊടുത്താൽ സുകുമാരൻ മാഷ്ടെ ശമ്പളത്തിന്റെ ഒരു ഭാഗം അച്ഛന് തൽക്കാലിക ശമ്പളമായി തരികയും ചെയ്യും. ദിവസത്തിൽ ഒരു മണിക്കൂർ മതി.

കഥ പറഞ്ഞു കൊടുക്കുകയോ ? എന്തു കഥ ? സ്വാതന്ത്ര്യസമരത്തിന്റെ കഥകൾ പറഞ്ഞാൽ മതി. ഏഴോ എട്ടോ വയസ്സ് പ്രായമുള്ള കൊച്ചുകുട്ടികളല്ലേ ? എന്തു കഥ പറഞ്ഞുകൊടുത്താലും അവർ ശാന്തരായി കേട്ടുകൊണ്ട് ഇരിക്കും. അച്ഛന് ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല.

സ്വാതന്ത്ര്യസമരത്തിന്റെ അർത്ഥംതന്നെ ചെറിയ കുട്ടികൾക്ക് മനസ്സിലാവില്ലല്ലോ. സ്വാതന്ത്ര്യസമരം ഒരു കുട്ടിക്കളിയായിരുന്നു എന്നാണോ നീയും ഹെഡ്മാസ്റ്ററും വിചാരിക്കുന്നത് ? ഞങ്ങൾ ജീവൻ ത്യജിച്ചും സ്വാതന്ത്ര്യം തിരിച്ചെടുക്കും എന്ന് പ്രതിജ്ഞയെടുത്തവരാണ്. അത് നിനക്ക് അറിയില്ലേ ? പിന്നെ മുലകുടി മാറാത്ത കുഞ്ഞുങ്ങളെ രസിപ്പിക്കാൻ സ്വാതന്ത്ര്യസമരത്തെപ്പറ്റി കഥ പറയണം എന്നു പറയാൻ നിങ്ങൾക്കൊക്കെ എങ്ങനെ ധൈര്യം വന്നു ?

(മാധവിക്കുട്ടിയുടെ സ്വാതന്ത്ര്യസമരസേനാനിയുടെ മകൾ എന്ന കഥയിൽനിന്ന്)

30 ചുവടെ കൊടുക്കുന്ന കവിത വായിച്ച് പാഠസാധ്യതകൾ വിശകലനം ചെയ്യുക :

നല്ല നിലാവുള്ള രാത്രി—സുഖനിദ്ര
കൊള്ളുന്നിരുവശം ജീവന്റെ കൂടുകൾ
മുന്നിൽ ഹിമശുഭ്രമാം നടപ്പാതയിൽ
വെണ്മയോലും നിലാ, വെന്തൊരു സല്ലയം !
ആ സല്ലയത്തിൽ വെൺതാരുകൾ പൂത്തുവോ ?
ആ പൂക്കളിൽ ദേവദൂതരുണർന്നുവോ ?
ഏതോ വനങ്ങളിൽ തേനും പരാഗവും
തേടിപ്പറക്കും മധുമക്ഷികകൾ പോൽ
അസ്വസ്ഥമിന്ദ്രിയമഞ്ചും ! എന്നാലൊരു
സുസ്വരത്തിന്നേറെ ദാഹിപ്പു കാതുകൾ !
നിർലക്ഷ്യ നാമൊരു നിദ്രാടകൻപോലെ
മെല്ലെ നടന്നു നടന്നുപോകും നിന്നെ
ഏതോ പിയാനോയിൽ നിന്നുണരും മത്ര
നാദം തടഞ്ഞുനിർത്തുന്നുവോ തൽക്ഷണം !

(ഒ.എൻ.വി.യുടെ നിലാവിന്റെ ഗീതം എന്ന കവിതയിലെ വരികൾ.)

(4 × 2 = 8)

Turn over

Part D

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് നാലു പുറത്തിൽ (നാനൂറ് വാക്ക്) കുറയാതെ ഉത്തരമെഴുതുക.

31 ജനനാനന്തര സൗഹൃദങ്ങൾ എന്ന ലേഖനം വിലയിരുത്തുക.

അല്ലെങ്കിൽ

ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ പാരിസ്ഥിതിക പ്രശ്നമായി ഡോ.എം. ബിജുകുമാർ ചൂണ്ടിക്കാട്ടുന്നതെന്തൊക്കെയാണ് ?

32 ഉപഭോഗസംസ്കാരവും പരിസ്ഥിതിയും.

അല്ലെങ്കിൽ

സാമ്രാജ്യസ്ഥാപനങ്ങളും പൊതുവിദ്യാഭ്യാസവും.

$(2 \times 4 = 8)$